വകുപ്പ്	ബഡ്ജറ്റിൽ വിഭാവനം ചെയ്ത തുക (രൂപ കോടിയിൽ)		
	2003-04	2004-05	2005-06
ആരോഗ്യം	202.89	200.60	198.10
വിദ്യാഭ്യാസം	144.46	171.38	172.13
കൃഷി	183.76	179.07	282.48
വ്യവസായം	228.95	225.37	230.06

(ബി) ടി വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ കണക്കുകൾ താഴെ പറയും പ്രകാരമാണ്.

വകുപ്പ്	ചെലവഴിച്ച തുക (രൂപ കോടിയിൽ)		
	2003-04	2004-05	2005-06
ആരോഗ്യം	184.73	190.32	പൂർണ്ണമായ
വിദ്യാഭ്യാസം	85.37	115.23	കണക്കുകൾ
കൃഷി	173.24	187.41	ലഭ്യമല്ല
വ്യവസായം	251.52	292.82	

(സി)

വർഷം	*നീക്കിവച്ച തുക*	*ചെലവഴിച്ച തുക*
2003-04	3658.96	3038.58
2004-05	4113.24	3209.80
2005-06	4692.77	പൂർണ്ണമായ കണക്കുകൾ ലഭ്യമല്ല.

2006-2007-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക

34 [491] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ;

(ബി) സംസ്ഥാന സർക്കാർ കേന്ദ്ര ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെട്ട തുക എത്രയായിരുന്നു;

(സി) എന്ത് തുകയാണ് ആസൂത്രണ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്, 2006-07-ലെ വാർഷിക ബഡ്ജറ്റിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളതെന്ന് പറയാമോ;

(ഡി) ഓരോ മേഖലയ്ക്കും നീക്കിവച്ചിട്ടുള്ള തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2005-06-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നു; ഇതിൽ എന്തുതുക ചെലവഴിച്ചു;

(എഫ്) ഓരോ മേഖലയിലും ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഫെബ്രുവരി 10--ാം തീയതി അസംബ്ലിയിൽ അവതരിപ്പിച്ച ബഡ്ജറ്റ് രേഖകളിൽ നിന്നും ലഭ്യമാണ്.

(ബി) സംസ്ഥാന സർക്കാർ കേന്ദ്ര ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെട്ട തുക 6210 കോടി രൂപയാണ്.

(സി) ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഫെബ്രുവരി 10--ാം തീയതി അവതരിപ്പിച്ച ബഡ്ജറ്റ് രേഖകളിൽ നിന്നും ലഭ്യമാണ്.

(ഡി) ബഡ്ജറ്റ് രേഖകളിൽ നിന്നും ലഭ്യമാണ്.

(ഇ) 2005-06 വാർഷിക പദ്ധതിയുടെ അടങ്കൽ തുക 5369 കോടി രൂപയും 31-12-2005 വരെ ചെലവഴിച്ച തുക 1962 കോടി രൂപയുമാണ്.

(എഫ്) ഓരോ മേഖലയിലും 31-12-2005 വരെ ചെലവഴിച്ച തുകയുടെ താൽക്കാലിക കണക്കുകൾ താഴെ പറയും പ്രകാരമാണ്:

(തുക കോടിയിൽ)

	മേഖല	ചെലവ്
1.	കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും	108.37*
2.	ഗ്രാമ വികസനം	59.44
3.	സഹകരണം	3.87
4.	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	85.04
5.	വൈദ്യുതി	366.76
6.	വ്യവസായവും ധാതുക്കളും	103.68
7.	ഗതാഗതവും വാർത്താ വിനിമയവും	457.64
8.	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	20.39
9.	സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ	353.25
10.	സാമ്പത്തിക സർവ്വീസുകൾ	17.64
11.	ജനറൽ സർവ്വീസുകൾ	28.63
12.	തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് പ്രാദേശിക ആസൂത്രണത്തിനുള്ള പദ്ധതി വിഹിതം	357.36

* CPMU-വിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്ക് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly